ലേഖനം നമ്പർ - 17

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

## ശോശപ്പാ ആഘോഷം :

തുയോമ്പോ (രഹസ്യശുശ്രൂഷ) സമയത്ത് അപ്പവീഞ്ഞുകൾ പീലാസായിലും കാസായിലും ഒരുക്കിയതിനുശേഷം അതു മൂടുവാനുപയോഗിക്കുന്ന വെളുത്ത തുണിയാണ് ശോശപ്പാ എന്നു പറഞ്ഞുവല്ലോ. സമാധാന ചുംബനത്തിനുശേഷം നടത്തുന്ന പ്രധാന ശുശ്രൂഷയാണ് ശോശപ്പാ ആഘോഷം. അപ്പ,വീഞ്ഞുകളെ മൂടിയിരിക്കുന്ന ശോശപ്പാ പട്ടക്കാരൻ തന്റെ കൈകളിലെടുത്ത് മൂന്നു പ്രാവശ്യം മുകളിലോട്ടും താഴോട്ടും ഉയർത്തി ചലിപ്പിച്ച് ആഘോഷിക്കുന്നു. ആ സമയത്ത് ശുശ്രൂഷക്കാരൻ ഇപ്രകാരം ചൊല്ലുന്നു. സഹോദരന്മാരെ നാം എല്ലാവരും ഭംഗിയോടും, ഭയത്തോടും, വണക്കത്തോടും, വെടിപ്പോടും, വിശുദ്ധിയോടും, സ്നേഹത്തോടും, സത്യവിശ്വാസത്തോടും നല്ല ദൈവഭക്തിയോടും കൂടെ നിന്ന് ബഹുമാനപ്പെട്ട പട്ടക്കാരന്റെ കൈകളാൽ നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും, പരിശുദ്ധവുമായ ഈ കുർബ്ബാനയിൽ സൂക്ഷിക്കണം. എന്തെന്നാൽ നാം എല്ലാവർക്കുംവേണ്ടി ജീവനുള്ള ബലിയെ സകലത്തിന്റെയും ഉടയവനായ പിതാവാം ദൈവത്തിന് നിരപ്പിനും സമാധാനത്തിനും അണയ്ക്കുന്നു . ഇതിനു പ്രതിവാക്യമായി ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും, ബലിയും, സ്തോത്രവുമാകുന്നു എന്നു ജനങ്ങൾ ചൊല്ലുന്നു.

താഴെ പറയുന്ന വേദപുസ്തക സംഭവങ്ങളുടെ പ്രതീകമായി ശോശപ്പാ ആഘോഷം നടത്തപ്പെടുന്നു. 1. ഇസ്രായേൽ ജനത്തിന് മരുഭൂമിയിൽ ദാഹിച്ചപ്പോൾ മോശ പാറ പിളർന്ന് ജലം നൽകി. ക്രിസ്തുവിന്റെ വിലാവിൽ നിന്നുള്ള രക്തത്താൽ ശോശപ്പാ അനാവരണത്തിൽ കൂടി നമുക്ക് ജീവജലം കാണിച്ചുതരുന്നു (പുറ. 17.1–6) 2. പത്രോസിന് ദർശനത്തിൽ ഒരു തുപ്പെട്ടിയിൽ സ്വർഗ്ഗത്തിൽ നിന്ന് സർവ്വ ജീവജാലങ്ങളെയും മുന്നുപ്രാവശ്യം (ശോശപ്പാ ആഘോഷിക്കുന്നതും മൂന്നു പ്രാവശ്യം) ഇറക്കുകയും തിരികെ കയറ്റുകയും ചെയ്യുന്നതു കണ്ടു. സകല ജാതികളും ക്രിസ്തുവിൽ രക്ഷിക്കപ്പെടും എന്നതിന്റെ പ്രതീകമായും ശോശപ്പാ ആഘോഷത്തെ കാണുന്നു (അപ്ര. 10.9,10) 3. ശോശപ്പാ നീക്കുന്നതിലൂടെ ക്രിസ്തുവിന്റെ കബറിന്റെ കല്ല് ഉരുട്ടിമാറ്റി ഉയിർത്തെഴുന്നേൽക്കുന്ന രക്ഷിതാവിനെ കാണിച്ചു കൊടുക്കുകയാണ്. യുഗാന്ത്യത്തിൽ എല്ലാവരും ഇങ്ങിനെ ഉയിർത്തെഴുന്നേൽക്കുമെന്ന ഓർമ്മയും.

ശോശപ്പാ മാറ്റുന്നതിലൂടെ ക്രിസ്തുവിന്റെ രക്ത ശരീരങ്ങളാകുന്ന അപ്പ വീഞ്ഞുകളെ വിശ്വാസികൾക്ക് കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. ശോശപ്പാ ആഘോഷത്തോടെ സ്വർഗ്ഗം തുറക്കുകയും സ്വർഗ്ഗീയ സൈന്യവും, വാങ്ങിപ്പോയ സകല പരിശുദ്ധന്മാരും, വിശുദ്ധരും, വിശ്വാസികളും നമ്മോടൊന്നിച്ച് വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്നു എന്ന് കൈമണിയുടെയും മർവഹ്സായുടെയും കിലുക്കം നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ സകല ശ്രദ്ധയും തൻമൂലം കുർബ്ബാനയിലേക്ക് കേന്ദ്രീകരിക്കണം.

പട്ടക്കാരൻ ശോശപ്പാ ആഘോഷിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു. യിസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽ പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട തീക്കൽപാറയും നീതന്നെയാകുന്നു . ഇവിടെ പന്ത്രണ്ടു നദികൾ പന്ത്രണ്ടു ശ്ലീഹന്മാരെ ഉദ്ദേശിച്ചായിരിക്കണം. പഴയ നിയമത്തിൽ യിസ്രായേലിന്റെ മരുപ്രയാണത്തിൽ ദാഹിച്ചു വലഞ്ഞ ജനത്തിന് ദൈവം പാറയിൽ നിന്ന് ജലമൊഴുക്കി അവരുടെ ദാഹം തീർത്തതായി നാം വായിക്കുന്നു. (പുറ. 17:6). ഈ പാറയോടാണ് ശോശപ്പായെ ഉപമിച്ചിരിക്കുന്നത്. തീക്കൽ പാറ വി. കുർബ്ബാനയുടെ പ്രതീകമാണ്.

ശോശപ്പാ ആഘോഷിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ ജനന സമയത്ത് മാലാഖമാർ ഒരുമിച്ച് തങ്ങളുടെ ചിറകുകളെ ചലിപ്പിച്ച് സ്വർഗ്ഗീയ കീർത്തനങ്ങൾ പാടിയതായി ആ സ്ഥലകാല സന്ദർഭങ്ങൾ അനുസ്മരിക്കുന്നു.
ശോശപ്പാ നീക്കുന്നത് കാലാന്ത്യത്തിലെ പരസ്യമായ സുവിശേഷ ശുശ്രൂഷ ആരംഭിച്ചതായിട്ടും യേശുവിനെ സർവ്വസൃഷ്ടിക്കും വെളിപ്പെടുത്തിയിരിക്കുന്നതായിട്ടും സൂചിപ്പിക്കുന്നു.
ശോശപ്പാ ആഘോഷത്തിനു ശേഷം പട്ടക്കാരൻ നൽകുന്ന ആശിർവാദത്തിന് അപ്പോസ്തോലിക വാഴ്‌വ് എന്നു പറയുന്നു.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ*
*ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
**Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only**
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**






# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 8 • ISSUE : 9 SEPTEMBER 2014




ഐശ്വര്യവും, സമൃദ്ധിയും, സമാധാനവും നിറഞ്ഞ ഓണാശംസകൾ



## എഡിറ്റോറിയൽ

### നമ്മുടെ കഴിവുകൾ

"ഒരുവന്നു അഞ്ചു താലന്ത്, ഒരുവന്നു രണ്ട്, ഒരുവന്നു ഒന്ന്(മത്താ–25:15)". ഈ ഉപമ യേശുക്രിസ്തു പറഞ്ഞത് നാം നമ്മുടെ കിട്ടിയിരിക്കുന്ന കഴിവുകൾ വേണ്ടവിധം ഉപയോഗിക്കുവാൻ വേണ്ടിയാണ്. അഞ്ചു താലന്തു കിട്ടിയവനും, രണ്ടുതാലന്തു കിട്ടിയവനും അത് വേണ്ടവിധം ഉപയോഗിച്ച് അത് ഇരട്ടിപ്പിച്ചപ്പോൾ ഒരു താലന്തു കിട്ടിയവൻ അതു സൂക്ഷിച്ചുവെച്ച് യജമാനനെ കുറ്റപ്പെടുത്തി തിരിച്ചേൽപ്പിക്കയായിരുന്നല്ലോ.

നമ്മിൽ മിക്കവരും ഒരു താലന്തുകിട്ടിയ ദാസനെപ്പോലെയാണ്. നമുക്കത് കൈകാര്യം ചെയ്ത് വർദ്ധിപ്പിക്കുവാനും, കുഴിച്ചിട്ട് കാവലിരിക്കുവാനും സ്വാതന്ത്ര്യമുണ്ട്. നാം ചെയ്യേണ്ടത് നമുക്ക് കിട്ടിയ കഴിവ് ഏതായാലും ദൈവം തന്ന ആ കഴിവുപയോഗിച്ച് ഏറ്റവും നല്ല നിലയിൽ ജീവിക്കുവാൻ ശ്രമിക്കുകയാണ്. അങ്ങിനെ ചെയ്യാൻ ശ്രമിച്ചാൽ അത് നമുക്കും, മറ്റുള്ളവർക്കും പ്രയോജനകരമായിത്തീരും.

ലാൽബഹദൂർ ശാസ്ത്രിയെപ്പോലെയുള്ള പ്രധാനമന്ത്രിമാർ ഉണ്ടായിരുന്ന രാജ്യമാണല്ലോ നമ്മുടേത്. കടത്തുവഞ്ചിയിൽ കടക്കാനുള്ള കാശില്ലാതിരുന്നിട്ട് സ്കൂളിലേക്ക് നദി നീന്തിക്കടന്നുപോയ ദിവസങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് വായിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പോലെയുള്ളവർക്ക് ഒരു താലന്തു മാത്രമെ ദൈവം കൊടുത്തിരുന്നുള്ളു. പക്ഷെ അത് അദ്ദേഹം ശരിക്കുപയോഗിച്ചെന്നു കാണാം.

നമ്മുടെ ജോലി ഏതായാലും, എത്ര നിസ്സാരമായി നമുക്കു തോന്നിയാലും അത് നമുക്ക് കഴിയുന്ന വിധം മനസ്സിരുത്തി ഉത്തമമായ വിധത്തിൽ ചെയ്യാൻ ശ്രമിക്കയാണ് വേണ്ടത്. റോഡിൽ മാലിന്യം നീക്കുന്ന ജോലി ചെയ്യുന്നവനും, അവന്റെ ജോലിയിലുള്ള മാഹാത്മ്യം ബാക്കിയുള്ളവരെ മനസ്സിലാക്കാൻ കുറച്ചു ദിവസം ജോലി ചെയ്യാതിരുന്നാൽ മതിയല്ലോ. അത് ഏറ്റവും ഭംഗിയായി ചെയ്യാൻ കഴിഞ്ഞാൽ അവനും അഭിമാനിക്കാൻ സാധിക്കുമല്ലോ.

"സൂര്യന് ചെയ്യാൻ കഴിയാത്തത്, രാത്രിയിൽ പ്രകാശിക്കയെന്നത് ഒരു മെഴുകുതിരിക്ക് ചെയ്യാൻ കഴിയു"മെന്ന് പറയാറുണ്ടല്ലോ. ഇതിൽ നിന്നു നാം പഠിക്കേണ്ടത്, നമ്മുടെ കഴിവുകൾ എത്ര നിസ്സാരമെന്ന് തോന്നുമെങ്കിലും നമുക്കതിനെ എത്രയും മനോഹരമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ അതുകൊണ്ടുള്ള പ്രയോജനം പല വിധത്തിലുണ്ടാകുമെന്നാണ്. ഓരോരുത്തർക്കും കൈകാര്യം ചെയ്യാവുന്ന താലന്തുകൾ മാത്രമെ ദൈവം നമുക്കുവേണ്ടി കരുതുകയുള്ളു. നമ്മുടെ ജോലി ആ താലന്തുകളെ നമുക്കും, മറ്റുള്ളവർക്കും പ്രയോജനകരമായ വിധത്തിൽ ഇരട്ടിപ്പിക്കുകയാണ്. ദൈവത്തിൽ ആശ്രയിച്ചു മുമ്പോട്ടുപോകുന്നവർക്കു മാത്രമെ അതിനു സാധിക്കുകയുള്ളു. അല്ലാത്തവർ ഒരു താലന്ത് കുഴിച്ചിട്ട് അതിനു കാവലിരുന്ന ദാസനെപ്പോലെയായിത്തീരും. ■

## ഇടയ ലേഖനം

### വിലയ്ക്കു വാങ്ങുന്ന ലഹരി

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



"മദ്യനിരോധന"മെന്ന വിഷയത്തിലൂന്നിയ ചർച്ച അനുസ്യൂതം തുടരുന്നു. "മദ്യ"ത്തിന്റെ ചരിത്രത്തിനു ചരിത്രാതീതകാലത്തോളം പഴക്കമുണ്ട്. ഏദൻ തോട്ടത്തിൽ നിഷിദ്ധഫലം തിന്നതും ഒരുതരം "ലഹരി"ക്കു വേണ്ടിയായിരുന്നല്ലോ. മനുഷ്യശ്രേണിയിൽ നിന്ന് ഒറ്റക്കുതിപ്പിന് "ഈശ്വര"നാകാൻ എളുപ്പവഴി എന്ന നിലയിലാണ് സർവ്വ നന്മകളുടെയും ശത്രുവായ സാത്താൻ ഈ നിർദ്ദേശം വച്ചത്. മനുഷ്യൻ അതിൽ "വീണു". പിന്നീടങ്ങോട്ട് വീഴ്ചകളുടെ ആവർത്തനമായി. ജീവനും, മാനവും, നേർബുദ്ധിയുമെല്ലാം കൈമോശം വന്ന മനുഷ്യൻ നിസ്സഹായനുമായി. എന്നാൽ താൻ നിസ്സഹായനാണെന്ന് മനുഷ്യന് ബോധമുദിക്കുന്നത് വല്ലപ്പോഴും മാത്രം. രോഗം, മരണം, പരാജയം തുടങ്ങിയ രംഗങ്ങളാണ് അതിനു കളമൊരുക്കുന്നത്.

നോഹയുടെ കാലത്തിനു മുമ്പു തന്നെ ലഹരിയുടെ പ്രസരമുണ്ടായിരുന്നുവെന്നു വേണം കരുതാൻ. ലഹരിയുടെ പ്രത്യക്ഷ വിളയാട്ടം ജലപ്രളയത്തിൽ നിന്നു രക്ഷപ്പെട്ട നോഹയിൽ കാണുന്നത് ഒരു വിരോധാഭാസമാകും. മതിമറക്കുമ്പോഴും, ലക്കുകെടുമ്പോഴുമുണ്ടാകുന്ന "പോഴത്ത"ങ്ങൾക്കു നിത്യപ്രതീകമായി അതു നിൽക്കുന്നു. മദ്യപൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു ബൈബിൾ പറഞ്ഞു തരുന്നു. എന്നാൽ ഏറ്റവും അധികം മദ്യപന്മാർ (മദ്യപകളും കണ്ടേക്കാം!) കേരളത്തിൽ, അതേ ബൈബിൾ വിശ്വസിക്കുന്നവർ തന്നെയാണ്. വീഞ്ഞിന്റെ നാട്ടിൽ ഭക്ഷണത്തിന്റെ ഭാഗമായി ലഹരിയില്ലാത്ത ശുദ്ധമായ വീഞ്ഞ് ഉപയോഗിക്കുന്നത് ഒരു ന്യായമായി കണ്ട് കുടി തുടങ്ങുന്നത് മൗഢ്യം തന്നെ.

സർക്കാർ തീരുമാനമെന്തായാലും വ്യക്തികളുടെയും കുടുംബങ്ങളുടെയും മനുഷ്യ ബന്ധങ്ങളുടെയും അഴിവിനും നാശത്തിനും വഴിവെയ്ക്കുന്നതാണ് ഈ ലഹരിപ്രിയം എന്ന് ഇതിനകം വിദിതമായിട്ടുണ്ട്. ആഴത്തിൽ വേരോടിയിരിക്കുന്ന ഈ ദുഷ്പരിചയം ഒരു നാൾകൊണ്ട് നീങ്ങുമെന്ന് കരുതാൻമേല. ശക്തവും, നിരന്തരവുമായ നടപടികൾ അതിന് ഉണ്ടായേ തീരൂ. തെങ്ങിൽ നിന്നും, ഗോതമ്പിൽ നിന്നും, മുന്തിരിയിൽ നിന്നും പ്രയോജനകരമായ മറ്റെന്തെല്ലാം കാര്യങ്ങൾ ലഭ്യമാണ്. നന്മയായതിനെ തിന്മയാക്കുന്നതാണ് ഏറ്റവും ഗുരുതരമായ തിന്മ.

ഇടവകകൾക്കും, ആത്മീയ സംഘടനകൾക്കും ഇതിൽ നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയും. ഇത് ഒരു സഹനസമരവും സാമൂഹ്യമായ ശുദ്ധീകരണ പ്രക്രിയയുമാണ്. മദ്യപാനം മാന്യതയാണെന്നു കരുതുന്നത് ശുദ്ധഭോഷ്ക്കാണെന്നു വരണം. സർവ്വസാധാരണമായി കുടുംബത്തിലും, പൊതുസമൂഹത്തിലും, സർക്കാർ/ഇതര സമ്മേളനങ്ങളിലും മദ്യസേവ ഇന്നു നടക്കുന്നുണ്ട്. കേവലം നിയമം കൊണ്ട് ഈ പിശാചിനെ പുറത്താക്കുക എളുപ്പമല്ല. നിയമവും, നടപടികളും വേണം. അതോടൊപ്പം ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്.

"ദൈവത്തെ ഭയവും മനുഷ്യനെ ശങ്ക"യുമുള്ളവർ മദ്യപരാകാൻ എളുപ്പമല്ല. സാഹചര്യങ്ങൾ, കൂട്ടുകെട്ടുകൾ തുടങ്ങിയവയാണ് മദ്യപാനശീലത്തിന്റെ ഹേതുക്കൾ എന്നു പറയപ്പെടുന്നു. മനുഷ്യസ്നേഹികളായ അനേകരുടെ പ്രാർത്ഥനയും അദ്ധ്വാനവും ഈ "യജ്ഞ"ത്തിന്റെ വിജയത്തിന് ആവശ്യമാണ്.

ബോധമുള്ളവനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ബോധംകെട്ടു ജീവിക്കുന്നത് സൃഷ്ടിയുടെ ഉദ്ദേശ്യത്തെ തന്നെ തകർക്കുന്നതാണ്. മദ്യം മനുഷ്യനെ സുബോധരഹിതനായി മാറ്റുന്നു. അവിടെ നിന്നു മുളയ്ക്കുന്ന തിന്മകൾ എണ്ണമറ്റതാണ്.

"ഉണർന്നും സുബോധവുമായിരിക്ക" എന്ന വേദപുസ്തക കൽപന ഈ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കേണ്ടതാണ്. സുബോധവും, ആരോഗ്യവും പാഴാക്കിക്കളയുന്ന ഒരു തലമുറ ചരിത്രത്തിനു തന്നെ ശാപമായിരിക്കും. മദ്യം, മയക്കുമരുന്ന് എന്നിവകൊണ്ട് പണമുണ്ടാക്കുന്നത് അധർമമാണ് എന്ന് തിരിച്ചറിയാത്തവരാണധികം. ബോധവൽക്കരണം നമ്മുടെയിടയിൽ നിന്നു തന്നെ ആരംഭിക്കാം. ■

## വികാരിയുടെ കത്ത്

# സ്ലീബാ പെരുന്നാൾ

**ഫാ. പി. ഐ. വർഗ്ഗീസ്**



ഓർത്തഡോക്സ് സഭയുടെ മോറാനായ പെരുന്നാളുകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് സ്ലീബാ പെരുന്നാൾ. അത് ആഘോഷിക്കുന്നതാകട്ടെ സെപ്റ്റംബർ 14–ാം തീയതിയും. പരിശുദ്ധ സഭയുടെ ആരാധനാവർഷത്തിലെ ഞായറാഴ്ച നമസ്കാരത്തെ കൃംതാ എന്നും സ്ലീബായെന്നും രണ്ടായിതിരിച്ചിരിക്കുന്നതു തന്നെ സ്ലീബാ പെരുന്നാളിന്റെ പ്രാധാന്യം സുവ്യക്തമാക്കുന്നതാണ്. ഞായറാഴ്ച നമ്മുടെ കർത്താവിന്റെ പുനരുത്ഥാനദിനം എന്നതുകൊണ്ട് ആ വിശുദ്ധ ദിവസം പെരുന്നാളുകളുടെ പെരുന്നാളായി കരുതുകയും ആചരിക്കുകയും ചെയ്യുന്നു. ആയതിനാൽ ഞായറാഴ്ച നമസ്ക്കാരം ഉയർപ്പിനെ അനുസ്മരിക്കുന്നു. കൃംതാ നമസ്ക്കാരമെന്ന് നാം അതിനെ വിളിക്കുകയും ചെയ്യുന്നു. എന്നാൽ സ്ലീബാ പെരുന്നാൾ മുതൽ കൃംതാ പെരുന്നാൾ വരെയുള്ള ഞായറാഴ്ചകളിൽ ഉപയോഗിക്കുന്ന പ്രാർത്ഥന, സ്ലീബാ നമസ്ക്കാരം എന്നാണ് അറിയപ്പെടുന്നത്. പ്രസ്തുത നമസ്ക്കാരം വൈദികർക്ക് കടപ്പെട്ടിരിക്കുന്ന(Obligatory) കാനോനോ നമസ്ക്കാരത്തിലെ ബുധനാഴ്ച നടത്തുന്ന പ്രാർത്ഥനയാണ്. സ്ലീബാപെരുന്നാളുമായി ബന്ധപ്പെടുത്തിയാണ് സ്ലീബാ നമസ്ക്കാരം എന്ന പേര് എന്നുള്ളതും ശ്രദ്ധേയമാണ്. ഞായറാഴ്ച നമസ്ക്കാരത്തിന് പകരം സ്ലീബാ നമസ്ക്കാരം ഉപയോഗിക്കുമ്പോൾ തന്നെ സ്ലീബാ പെരുന്നാളിന്റെ പ്രാമുഖ്യം എത്രമാത്രം വലുതാണെന്ന് ചിന്തിക്കാവുന്നതാണ്.

നമ്മുടെ കർത്താവിന്റെ സ്ലീബാ കണ്ടെടുത്ത സംഭവത്തിന്റെ അനുസ്മരണമാണ് സ്ലീബാപെരുന്നാൾ. അനുബന്ധമായി ഒരു പാരമ്പര്യം നമ്മുടെ ആരാധനാക്രമത്തിലുമുണ്ട്. എ.ഡി. 4–ാം നൂറ്റാണ്ടിൽ ഹെലനി രാജ്ഞി യേറുശ്ലേമിൽ ചെന്ന് കർത്താവിന്റെ കുരിശ് കണ്ടെടുത്തു എന്നാണ് ലഭിക്കുന്ന വിവരം. മൂന്ന് കുരിശുകളാണ് അന്ന് കണ്ടുകിട്ടിയതെന്നും, കർത്താവിന്റെ കുരിശ് ഏതാണെന്ന് തിരിച്ചറിയാൻ കഴിയാതെ രാജ്ഞി വളരെ ദുഃഖിതയായി എന്നും, കുരിശുകളിൽ ഒന്ന് ഒരു മൃതശരീരത്തെ സ്പർശിച്ചപ്പോൾ ജീവൻ വീണ്ടുകിട്ടി എന്നും, കർത്താവിന്റെ സ്ലീബാ അതു തന്നെയാണെന്ന് ഉറപ്പാക്കുകയും ചെയ്തു എന്നുമാണ് പാരമ്പര്യ കഥ.

കുരിശിന് ഒരു മാസ്മരിക ശക്തിയുണ്ട്, ഒരു കാന്തിക പ്രഭാവമുണ്ട്. അതിനെ ദർശിക്കുന്ന മാത്രയിൽ നമ്മുടെ മനസ്സിനെ പ്രാർത്ഥനയിലേക്കും, ഭക്തിയിലേക്കും, ആത്മ സന്തോഷത്തിലേക്കും നയിക്കുവാനുള്ള വലിയ ഒരാകർഷണം. സ്ലീബയിലൂടെയുള്ള കർത്താവിന്റെ രക്ഷണ്യപ്രവർത്തിയുടെ അനുരണനങ്ങൾ ആത്മീയാനുഭൂതികളായി വിശ്വാസ സ്ഥൈര്യത്തിലേക്കും തദ്വാര മാനസിക ഉല്ലാസങ്ങളിലേക്കും നമ്മെ നയിക്കും.

എ.ഡി. 4–ാം നൂറ്റാണ്ട് സഭാ ചരിത്രത്തിലെ അതിപ്രധാനമായ ഒരു കാലഘട്ടമാണ്. അതുവരെ പീഢനങ്ങളിലൂടെയാണ് സഭ വളർന്നത്. അനേകായിരങ്ങൾ ജീവൻ നൽകി സഭയെ നിലനിർത്തുകയായിരുന്നു. പീഢനങ്ങൾ ഇവിടെ അവസാനിച്ച് സഭ പുതിയ ഒരു വഴിത്തിരിവിലേക്ക് മാറുകയാണ്. കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതോടെ സഭ വളരാൻ തുടങ്ങി. ആ കാലഘട്ടത്തിലാണ് ഹെലനി രാജ്ഞി കർത്താവിന്റെ കുരിശ് കണ്ടെടുത്തത്. ഇത് സഭയുടെ വളർച്ചയുടെ നാഴികക്കല്ലായി മാറി. കുരിശിൽ തറച്ചുള്ള വധശിക്ഷ ചക്രവർത്തി നിരോധിച്ചതോടെ നിന്ദ്യമായ കുരിശ് അലങ്കാരമായി, ആഭരണമായി, ആരാധനയുടെ അടയാളമായി, പ്രാർത്ഥനയുടെ ചിഹ്നമായി, ക്രിസ്ത്യാനിത്വത്തിന്റെ പ്രതീകമായി, ഭക്തമനസ്സുകളിൽ ഭക്തിയുടെ തിരമാലകൾ ഉയർത്തുന്ന ആത്മീയ കൊടുങ്കാറ്റായി.

അതിശ്രേഷ്ഠമായ ഈ സ്ലീബായെ വിഗ്രഹമായി കണ്ട് തിരസ്ക്കരിക്കുന്നവർ കർത്താവിന്റെ രക്ഷണ്യപ്രവൃത്തികളെയാണ് നിഷേധിക്കുന്നത്. സ്ലീബാ വാഴ്വിന്റെ ഉറവയാണ്. സ്ലീബായിൽ നിന്ന് അന്യമായ ഒരു വാഴ്വും ഓർത്തഡോക്സ് സഭയ്ക്കില്ല. വാഴ്വുള്ളടത്ത് സ്ലീബായുണ്ട്. സ്ലീബായുള്ളടത്ത് വാഴ്വുമുണ്ട്. ■

## വിവാഹം



എറണാകുളം നോർത്ത് ബാനർജി റോഡ് Kadukkara (Peacelyn) ശ്രീ. കെ.റ്റി. തോമസിന്റെയും ശ്രീമതി സൂസി തോമസിന്റെയും മകൻ **Jim Oommen Thomas** ഉം കളമശ്ശേരി Karumpil ശ്രീ. കെ.പി. ഏബ്രഹാമിന്റെയും ശ്രീമതി റാണി ഏബ്രഹാമിന്റെയും മകൾ **Adheena Susan Abraham** ഉം 17.08.2014–ൽ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ വിവാഹിതരായി.



കടവന്ത്ര Thelapurath Bethel (C-13 HIG Flat - Gandhi Nagar) ഡോ. ജോർജ്ജ് തോമസിന്റെയും ശ്രീമതി ബ്ലസ്സി തോമസിന്റെയും മകൻ **Thomas George** ഉം മൂന്നാർ ചെറുശ്ശേരിൽ ഡോ. മോഹൻ ബാബുവിന്റെയും ശ്രീമതി സൂസൻ മോഹന്റെയും മകൾ **Liya**-യും 17.08.2014–ൽ കത്തീഡ്രലിൽ വിവാഹിതരായി.

## കുടുംബ വിശേഷങ്ങൾ



പാലാരിവട്ടം മാമംഗലം തുമ്പുങ്കൽ (B-9 Navaratna Apt.) ശ്രീ. ബോസ് മാത്യുവിന്റെയും ശ്രീമതി ഗ്ലോറിയ ബോസിന്റെയും മകൻ **Winny Bose**ഉം മുളന്തുരുത്തി കുറുങ്ങാട്ട് ശ്രീ. കെ.കെ. ജോയിയുടെയും ശ്രീമതി ജെസ്സി ജോയിയുടെയും മകൾ **Sara** യും 25.08.2014–ൽ കത്തീഡ്രലിൽ വിവാഹിതരായി.

വൈറ്റില കണിയാമ്പുഴ റോഡ് പൊറ്റാസിൽ ഡോ. പി.വി. ബഞ്ചമിന്റെയും അഡ്വ. ശ്രീമതി മേരി ബഞ്ചമിന്റെയും മകൻ **ബൻ വർക്കി ബഞ്ചമിനും** തിരുവല്ല പുല്ലാട്ട് കണ്ണൻപ്ലാവിൽ ശ്രീ. മാത്യു ജോസഫിന്റെയും ശ്രീമതി റേച്ചൽ റ്റി. മാത്യുവിന്റെയും മകൾ **ഷാരോൺ ഹന്ന മാത്യുവും** 18.08.2014–ൽ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കത്തീഡ്രലിൽ വിവാഹിതരായി.

എടത്തല മലയിടംതുരുത്ത് കീരങ്കുഴിയിൽ ശ്രീ. എം.സി. ജോർജ്ജിന്റെയും ശ്രീമതി ലിസ്സി ജോർജ്ജിന്റെയും മകൻ **Jibin George** ഉം മണ്ണൂർ മരിക്കുടിയിൽ ശ്രീ. എം.റ്റി. ജോസഫിന്റെയും ശ്രീമതി സോമിനി ജോസഫിന്റെയും മകൾ **Seena M Joseph** ഉം 31.08.2014–ൽ കുന്നുക്കുരുടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കത്തീഡ്രലിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*





# ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ







*ആഗസ്റ്റ് 14, 15 തീയതികളിൽ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ കത്തീഡ്രലിൽ ആചരിച്ചു. വൈദിക സെമിനാരി അദ്ധ്യാപകൻ വെരി റവ. യൂഹാനോൻ റമ്പാൻ പെരുന്നാൾ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. 14–ാം തീയതി സന്ധ്യാനമസ്ക്കാരത്തിനു ശേഷം വന്ദ്യ റമ്പാച്ചൻ സുവിശേഷ സന്ദേശം നൽകി. പ്രദക്ഷിണത്തോടുകൂടി 14–ാം തീയതിയിലെ ചടങ്ങുകൾ അവസാനിച്ചു. 15–ാം തീയതി രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാന തുടർന്ന് പ്രദക്ഷിണം, നേർച്ചവിളമ്പ്, പ്രഭാതഭക്ഷണം എന്നിവയോടുകൂടി പെരുന്നാൾ ചടങ്ങുകൾ സമാപിച്ചു.*

# സ്നേഹനിധി

## ജോസഫ് മാർ പക്കോമിയോസ് അനുസ്മരണവും വിദ്യാഭ്യാസ സഹായ വിതരണവും











*അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണക്കായി നൽകുന്ന വിദ്യാഭ്യാസ ധന സഹായം ഓഗസ്റ്റ് 24–ാം തീയതി വൈകീട്ട് 4 മണിക്ക് കത്തീഡ്രലിൽ വച്ച് വിതരണം ചെയ്തു. അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് (കണ്ടനാട് വെസ്റ്റ്), അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് (കൊച്ചി) എന്നീ പിതാക്കന്മാർ യോഗത്തിൽ സംബന്ധിച്ചു. വെ. റവ. കുറിയാക്കോസ് പോത്താറ, അനുസ്മരണ പ്രഭാഷണം നടത്തി. 97 വിദ്യാർത്ഥികൾക്കായി പന്ത്രണ്ടര ലക്ഷം രൂപാ നൽകി. 250 പേർ പ്രസ്തുത യോഗത്തിൽ സംബന്ധിച്ചു. അഞ്ചുമണിക്ക് യോഗം പര്യവസാനിച്ചു.*

# കുടുംബ സംഗമം







*ഇടവകയിലെ പ്രാർത്ഥനായോഗങ്ങളുടെ ഏകോപന സമ്മേളനം ഓഗസ്റ്റ് 31–ാം തീയതി (ഞായറാഴ്ച) വൈകീട്ട് 4 മണിക്ക് കത്തീഡ്രലിൽ നടത്തി. വികാരി ബഹുമാനപ്പെട്ട പി.ഐ. വർഗ്ഗീസച്ചൻ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം പഴയ സെമിനാരി അദ്ധ്യാപകൻ ബഹു. കെ. വി. ഏലിയാസച്ചൻ മുഖ്യ സന്ദേശം നൽകി.*



10–ാം ക്ലാസ്സ് സി.ബി.എസ്.ഇ, Board Exam- ൽ എല്ലാ വിഷയത്തിനും A1 ഉം 100% വിജയവും കരസ്ഥമാക്കിയ **മിഥുൻ റോമിയോ**, സി.ജെ. റോമിയോയുടെയും, അഡ്വ. ബിന്ദു റോമിയോയുടെയും മകനാണ്.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## വിശേഷ ദിവസങ്ങൾ

**സെപ്റ്റംബർ**

| | |
|---|---|
| 08 തിങ്കൾ | എട്ടുനോമ്പ് വീടൽ |
| | വി.ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ |
| 14 ഞായർ | സ്ലീബാപ്പെരുന്നാൾ |

## വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :** Sep. 07 - 10.30 a.m., Sep. 14 - 7.00 a .m., Sep. 21 - 10.30 a.m., Sep. 28 - 7.00 a.m., Oct. 05 - 10.30 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :** Sep. 07 - 7.30 a.m., Sep. 21 - 7.30 a.m., Oct. 05 - 7.30 a.m.

എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

## നിര്യാതനായി



വൈറ്റില എൽ.എം. പൈലി റോഡിൽ ചാമച്ചേരിൽ ശ്രീ. സി.എ. ജോർജ്ജ് (74) 20.08.2014–ൽ നിര്യാതനായി. 21.08.2014–ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു. പരേതൻ കത്തീഡ്രൽ മുൻ സെക്രട്ടറിയായിരുന്നു.

*ആദരാഞ്ജലികൾ*